ഉത്തരം

(എ) ജലവിതരണ സംവിധാനത്തിന് വേണ്ട ഇൻടേക്ക്‌വെൽ, ജലശുദ്ധീകരണ സംവിധാനം, ജലസംഭരണി, പമ്പു സെറ്റുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ വൈദ്യുതി വിതരണത്തിന് ആവശ്യമായ ഉപകരണങ്ങളും മറ്റും സ്ഥാപിച്ചുവരുന്ന പ്രവൃത്തി 31-12-2003-ൽ പൂർത്തീകരിച്ച് ജലവിതരണ സംവിധാനം പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. റോഡ് പണിക്ക് എസ്റ്റിമേറ്റ് തയ്യാറായി 75 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി. ഈ മാസം അവസാനത്തോടുകൂടി പ്രസ്തുത പണിയുടെ ദർഘാസ് ക്ഷണിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുവദിക്കാവുന്നതാണ്.

(സി) ജലവിതരണ സംവിധാനത്തിന്റെ പണി 2003 ഡിസംബർ അവസാനവും ഉൾഗതാഗതറോഡുകളുടെ പണി 2004 ഡിസംബർ അവസാനവും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കരിമണൽ ഖനനം സംബന്ധിച്ച നയം

142 [2821] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കരിമണൽ ഖനനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികളാണ് അപേക്ഷ നൽകിയതെന്ന് വെളിപ്പെടുത്താമോ;

(ബി) കരിമണൽ ഖനനത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ സർക്കാർ അനുമതിയില്ലാതെ കരിമണൽ ഖനനത്തിന് അപേക്ഷ ക്ഷണിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) കരിമണൽ ഖനനം സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കരിമണൽ ഖനനത്തിന് അപേക്ഷ ക്ഷണിച്ചിട്ടില്ല.

(ബി) കരിമണൽ ഖനനത്തിന് ഐ.ആർ.ഇ.എൽ., കെ.എം.എം.എൽ. എന്നീ പൊതുമേഖല ഒഴിച്ച് മറ്റാർക്കും അനുമതി നൽകിയിട്ടില്ല. സർക്കാർ അനുമതിയില്ലാതെ അപേക്ഷയൊന്നും ക്ഷണിച്ചിട്ടില്ല.

(സി) ചില നിബന്ധനകൾക്ക് വിധേയമായി സംയുക്ത മേഖലകളിൽ സ്വകാര്യ സംരംഭകർക്കും ഖനനാനുമതി നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ നയത്തിനനുസൃതമായി 22-10-2002-ലെ ജി.ഒ. (എംഎസ്.) 101/02/വ്യവ., 30-11-2002-ലെ ജി.ഒ. (എംഎസ്.) 122/02/വ്യവ. എന്നീ ഉത്തരവുകളിൽ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly